(എഫ്) വൈദ്യുതോല്പാദനത്തിനാവശ്യമായ കാർഷികാവശിഷ്ടങ്ങൾ ലഭ്യമാവുന്ന സ്ഥലങ്ങളിലെല്ലാം തന്നെ ഇത്തരം പദ്ധതികൾ തുടങ്ങാൻ ഉദ്ദേശ്യമുണ്ട്. മാതൃകാപദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) 2001-ൽ തന്നെ പദ്ധതികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഊർജ്ജ നയം

57 (1209) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ഊർജ്ജ നയത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള പരിഷ്ക്കരണ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ മുതൽ താഴോട്ട് എത്ര തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുമൂലം കെ.എസ്.ഇ.ബി.ക്ക് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര തുക എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ഊർജ്ജ നയത്തിന്റെ അടിസ്ഥാനത്തിൽ ബോർഡിൽ താഴെ പറയുന്ന പരിഷ്ക്കരണ നടപടികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ബോർഡിന്റെ പുനഃസംഘടനയെ സംബന്ധിച്ച് നിർദ്ദേശം നൽകുന്നതിന് നിയമിച്ച നാല് ടാസ്ക് ഫോഴ്സുകളുടെ റിപ്പോർട്ടുകൾ പരിഗണിച്ചുവരുന്നു.
2. പ്രക്രിയകളുടെ അടിസ്ഥാനത്തിൽ പുനഃക്രമീകരണം നടത്തി ഉല്പാദനം, പ്രസരണം, വിതരണം എന്നിവയ്ക്ക് പൂർണ്ണ ഉത്തരവാദിത്തമുള്ള വെവ്വേറെ പ്രോഫിറ്റ് സെന്ററുകൾ നിലവിൽ വന്നു.
3. പ്രോഫിറ്റ് സെന്ററുകളുടെ അതിർത്തികളിൽ മീറ്ററുകൾ സ്ഥാപിച്ച് വൈദ്യുതിയുടെ കണക്കുകൾ നിജപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
4. ഉല്പാദന-പ്രസരണ-വിതരണ മേഖലകളുടെ സംയോജിത സാങ്കേതിക പ്രവർത്തനത്തിന് ഗ്രിഡ് കോഡ് നിലവിൽ വന്നു.
5. കംപ്യൂട്ടറൈസേഷൻ രൂപരേഖ നിലവിൽ വന്നു. എച്ച്.റ്റി./ഇ.എച്ച്.റ്റി. ബില്ലിംഗ് കംപ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
6. സംസ്ഥാനമൊട്ടാകെ സ്പോട്ട് ബില്ലിംഗ് നിലവിൽ വന്നു.

LIBRARY ARCHIVES Kerala Legislative Assembly

7. വർക്ക് സ്റ്റഡി നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

8. വിതരണ മേഖലയ്ക്ക് മൂന്ന് പ്രാദേശിക പ്രോഫിറ്റ് സെന്ററുകൾ നിലവിൽ വരുന്നതിനുള്ള നടപടികൾ ആരംഭിച്ചു. വിതരണ മേഖലയിൽ മൂന്നു മാതൃകാ ഡിവിഷനുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു.

(ബി) പരിഷ്ക്കരണ നടപടികളുടെ ഭാഗമായി ഒരു ചീഫ് എഞ്ചിനീയർ തസ്തിക താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്. ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തസ്തിക താൽക്കാലികമായി നിർത്തലാക്കിക്കൊണ്ടാണ് പ്രസ്തുത തസ്തിക അനുവദിച്ചിട്ടുള്ളത്. പരിഷ്ക്കരണ നടപടികളിൽ ചീഫ് എഞ്ചിനീയറെ സഹായിക്കുന്നതിനായി താഴെ പറയുന്ന തസ്തികകൾ താൽക്കാലികമായി അനുവദിച്ചിട്ടുണ്ട്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)	1
എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)	1
അക്കൗണ്ട്സ് ഓഫീസർ	1

(സി&ഡി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

വൈദ്യുതി ഉല്പാദനത്തിന് സ്വയംപര്യാപ്തത

58 (1210) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയെന്ന ലക്ഷ്യം നേടാൻ ഇനിയും ഉല്പാദിപ്പിക്കേണ്ട വൈദ്യുതി എത്ര ;

(ബി) അതിനായി ഉദ്ദേശിച്ചിട്ടുള്ള പ്രോജക്ടുകളിൽ എത്ര എണ്ണത്തിൽ പണി നടന്നുകൊണ്ടിരിക്കുന്നു ; അവ ഏതെല്ലാം ;

(സി) ഇനിയും പണി തുടങ്ങേണ്ട പ്രോജക്ടുകൾ ഏവ ;

(ഡി) ഓരോ പ്രോജക്ടിനും എന്ത് തുക വേണ്ടിവരും ; തുക സ്വരൂപിക്കുന്നത് എപ്രകാരം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനം ഇപ്പോൾ വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly